# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in


**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 47/2020(93)**, ചൊവ്വാഴ്ച **തീയ്യതി 17.11.2020**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 32.2 മുതൽ 34.4 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 20.0 മുതൽ 24.0 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 63 മുതൽ 88 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 42 മുതൽ 69 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 3.0 മുതൽ 8.6 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 2.6 മുതൽ 10.0 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.4 മുതൽ 5.2 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 18.11.2020 | 19.11.2020 | 20.11.2020 | 21.11.2020 | 22.11.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 15 | 20 | 20 | 15 | 1 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 33 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 88 | 88 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 69 | 69 | 69 | 69 | 69 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 10 | 8 | 2 | 12 | 18 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 230 | 50 | 50 | 50 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 3 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച്, ജില്ലയിൽ ഇടിയോട് കൂടിയ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യതയുള്ളതിനാൽ, കാർഷികോൽപ്പന്നങ്ങൾ ഉണക്കുമ്പോഴും, കീടനാശിനി പ്രയോഗം നടത്തുമ്പോഴും ശ്രദ്ധിക്കേണ്ടതാണ്.** | | |
| നെല്ല് (മുണ്ടകൻ) ചിനപ്പുപൊട്ടുന്നപരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ മുപ്പത് ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. |
| | അമ്ലത്വം | നെൽപാടത്ത് ഇരുമ്പിന്റെ അംശം കൂടുതലായി കാണപ്പെടുകയാണെങ്കിൽ, ഒരു ഏക്കറിന് 150 കിലോ ഗ്രാം കുമ്മായം വീതം ഇട്ടുകൊടുക്കാവുന്നതാണ്. |
| വാഴ | ഇലത്തീനിപ്പുഴു | വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. |
| മഞ്ഞൾ | ഇലകരിച്ചിൽ | മഞ്ഞളിൽ ഇലകരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കുക. അല്ലെങ്കിൽ 2.5 ഗ്രാം മാങ്കോസെബ്, ഒരു ഗ്രാം കാർബെൻഡാസിം, 2.5 ഗ്രാം കോപ്പർഓക്സിക്ളോറൈഡ് (ബിൽടോക്സ്/ബ്ലൂകോപ്പർ), രണ്ട് മില്ലി ഹെക്സാകൊണാസോൾ (കോൺടാഫ്), 0.75 മില്ലി ഡൈഫിൻകൊണാസോൾ (സ്കോർ) എന്നിവയിൽ ഏതെങ്കിലും ഒരു മരുന്ന്, ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. രോഗത്തിന്റെ തീവ്രതയനുസരിച്ച് രണ്ടാഴ്ച കൂടുമ്പോൾ മരുന്ന് തളി തുടരാവുന്നതാണ്. |
| പച്ചക്കറികൾ (പയർ) | കായ്തുരപ്പൻ പുഴു | പയറിൽ കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി ഫ്ളൂബെൻ്റാമൈഡ് പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ലി. പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചു കൊടുക്കേണ്ടതാണ്. |
| മൃഗസംരക്ഷണം | ഇടിമിന്നലേൽക്കാൻ സാധ്യതയുള്ളതിനാൽ, മൃഗങ്ങളെ തുറസായ സ്ഥലങ്ങളിൽ മേയാൻ അനുവദിക്കാതിരിക്കുക. കുരലടപ്പൻ കുളമ്പുരോഗങ്ങൾ എന്നിവക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പെടുക്കുക. | |